## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 115 — 01-12-2014-ൽ മറുപടിയ്ക്ക്

### സമ്പൂർണ്ണ മദ്യനിരോധനവും, മദ്യനയവും

**ചോദ്യം:**

ശ്രീ. വി.എസ്. സുനിൽ കുമാർ
ശ്രീ. മുല്ലക്കര രത്നാകരൻ
ശ്രീ. കെ.രാജു
ശ്രീമതി. ഇ.എസ്. ബിജിമോൾ

**ഉത്തരം:**

ശ്രീ. കെ. ബാബു
(മത്സ്യബന്ധനവും, തുറമുഖവും എക്സൈസും വകുപ്പു മന്ത്രി)

<table>
<tr><td>(എ)</td><td>സംസ്ഥാനത്ത് സമ്പൂർണ്ണ മദ്യ നിരോധനം നടപ്പിലാക്കാനുദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അതിനായി എന്തെല്ലാം നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളതെന്നു വിശദമാക്കാമോ;</td><td rowspan="2"></td><td rowspan="2">മദ്യവർജ്ജനത്തിലൂന്നിയുള്ള ഘട്ടംഘട്ടമായ മദ്യനിരോധനമാണ് ഈ സർക്കാർ ലക്ഷ്യമിടുന്നത്. മദ്യത്തിന്റെ ലഭ്യത കുറച്ച് ശക്തവും വ്യാപകവുമായ ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെ മദ്യരഹിത കേരളം എന്ന മഹത്തായ ലക്ഷ്യമാണ് സർക്കാർ വിഭാവനം ചെയ്യുന്നത്. ഇതിന്റെ ആദ്യപടിയായി 2014-15 വർഷത്തിലെ അബ്ക്കാരി നയത്തിലൂടെ പഞ്ചനക്ഷത്ര പദവിയുള്ള ഹോട്ടലുകളൊഴികെയുള്ള ഹോട്ടലുകൾക്ക് ബാർ ലൈസൻസുകൾ റദ്ദുചെയ്യുന്നതിനും എഫ്.എൽ1 ഷോപ്പുകളുടെ എണ്ണം ഓരോ വർഷവും 10% കണ്ടു കുറയ്ക്കുന്നതിനും എല്ലാ ഞായറാഴ്ചകളും ഡ്രൈഡേ ആക്കുന്നതിനും സർക്കാർ തീരുമാനമെടുക്കുകയും നടപ്പിൽ വരുത്തുകയും ചെയ്തിട്ടുണ്ട്.</td></tr>
<tr><td>(ബി)</td><td>മദ്യവർജ്ജനം, ബോധവത്കരണം തുടങ്ങിയവയിലൂടെ സംസ്ഥാനത്ത് മദ്യ ഉപഭോഗം കുറച്ചുകൊണ്ടുവരണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുവേണ്ടി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചു നടപ്പാക്കുന്നതെന്ന് വെളിപ്പെടുത്തുമോ;</td></tr>
<tr><td>(സി)</td><td>സിവിൽ സപ്ലൈസ് കോർപ്പറേഷൻ, ബിവറേജസ് കോർപ്പറേഷൻ എന്നിവയുടെ കീഴിൽ എത്ര മദ്യവില്പന ശാലകളും ബാർഹോട്ടലുകളും ഇപ്പോൾ സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്നുണ്ട്;</td><td>(സി)</td><td>സംസ്ഥാനത്ത് കൺസ്യൂമർ ഫെഡിന്റെ 41-ഉം ബിവറേജസ് കോർപ്പറേഷന്റെ 304 എഫ്.എൽ.1 ഷോപ്പുകളും, 312 സ്വകാര്യ ബാറുകളും പ്രവർത്തിക്കുന്നുണ്ട്.</td></tr>
<tr><td>(ഡി)</td><td>സംസ്ഥാനത്ത് ഒരു പുതിയ മദ്യനയം പ്രഖ്യാപിക്കുവാനുദ്ദേശിക്കുന്നുണ്ടോ?</td><td>(ഡി)</td><td>ഇല്ല.</td></tr>
</table>

സെക്ഷൻ ഓഫീസർ